## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4279 — 20.03.2018-ൽ മറുപടിയ്ക്ക്

# റോഡ് സുരക്ഷക്കായി സ്ഥാപിച്ചിട്ടുള്ള സൂചനാഫലകങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. പി.അയിഷാ പോറ്റി. | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റോഡ് സുരക്ഷക്കായി സ്ഥാപിച്ചിട്ടുള്ള സൂചനാഫലകങ്ങൾ ഇതരസംസ്ഥാന ഡ്രൈവർമാർക്കുകൂടി മനസിലാകുന്ന തരത്തിൽ പ്രദർശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) റോഡ് സുരക്ഷയ്ക്കായി സ്ഥാപിക്കുന്ന സൂചനാഫലകങ്ങൾ ഇതര സംസ്ഥാനങ്ങളിലെ ഡ്രൈവർമാർക്കു കൂടി പ്രയോജനകരമാകുന്ന രീതിയിൽ അവർ കൂടുതലായി എത്തുന്ന ശബരിമല പോലുള്ള തീർത്ഥാടന കേന്ദ്രങ്ങളിലേക്കുള്ള റോഡുകളിൽ മലയാളം, തമിഴ്, കന്നട, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള സൈൻ ബോർഡുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ച് റോഡ് സൂചനാഫലകങ്ങൾ ഡിസൈൻ ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും അതുവഴി ട്രാഫിക് കുരുക്ക്, വാഹന അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) നിലവിൽ കേരളമുൾപ്പെടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും റോഡുകളിൽ സ്ഥാപിക്കുന്ന റോഡ് സൂചനാഫലകങ്ങൾ ഡിസൈൻ ചെയ്യുന്നതും സ്ഥാപിക്കുന്നതും ഇന്ത്യൻ റോഡ് കോൺഗ്രസ് മാനദണ്ഡം (IRC)67/2012 പ്രകാരമാണ്. ട്രാഫിക് കുരുക്ക്, വാഹന അപകടങ്ങൾ, സൂചനാ ഫലകങ്ങളുടെ ആവശ്യകത എന്നിവയ്ക്ക് അനുസരിച്ച് കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ റോഡ് സുരക്ഷാ പദ്ധതി, പദ്ധതിയേതര ഫണ്ട് എന്നിവ ഉപയോഗിച്ച് പ്രസ്തുത സൂചനാഫലകങ്ങൾ സ്ഥാപിക്കാനുള്ള അനുമതി നൽകി ആയവ സ്ഥാപിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ